# ECHO OF HIS CALL

വിളിയുടെ പ്രതിധ്വനി

MALAYALAM

ECHO OF HIS CALL 1969-2019 GOLDEN JUBILEE
REACHING NATIONS

India's National Spiritual Newspaper

₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXXI | YEAR OF OUR LORD JESUS CHRIST, 2025 AUGUST | No. 10


## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

**സങ്കീർത്തനങ്ങൾ 37:1 –8**

01. ദുഷ്പ്രവൃത്തിക്കാരുടെ നിമിത്തം നീ മുഷിയരുതു; നീതികേടു ചെയ്യുന്നവരോടു അസൂയപ്പെടുകയുമരുതു.

02. അവർ പുല്ലുപോലെ വേഗത്തിൽ ഉണങ്ങി പച്ചച്ചെടിപോലെ വാടിപ്പോകുന്നു.

03. യഹോവയിൽ ആശ്രയിച്ചു നന്മചെയ്ക; ദേശത്തു പാർത്തു വിശ്വസ്തത ആചരിക്ക; യഹോവയിൽ തന്നേ രസിച്ചു കൊൾക.

04. അവൻ നിന്റെ ഹൃദത്തിലെ ആഗ്രഹങ്ങൾ നിനക്കു തരും.

05. നിന്റെ വഴി യഹോവയെ ഭരമേല്പിക്ക; അവനിൽ തന്നേ ആശ്രയിക്ക; അവൻ അതു നിർവ്വഹിക്കും.

06. അവൻ നിന്റെ നീതിയെ പ്രഭാതം പോലെയും നിന്റെ ന്യായത്തെ മദ്ധ്യാഹ്നം പോലെയും പ്രകാശിപ്പിക്കും.

07. യഹോവയുടെ മുമ്പാകെ മിണ്ടാതെയിരുന്നു അവന്നായി പ്രത്യാശിക്ക; കാര്യസാധ്യം പ്രാപിക്കുന്നവനെയും ദുരുപായം പ്രയോഗിക്കുന്നവനെയും കുറിച്ചു നീ മുഷിയരുതു.

08. കോപം കളഞ്ഞു ക്രോധം ഉപേക്ഷിക്ക; മുഷിഞ്ഞുപോകരുതു; അതു ദോഷത്തിന്നു ഹേതുവാകേയുള്ളു.

# ഫലം കായ്ക്കാനുള്ള സ്വാതന്ത്ര്യം!

## FREEDOM TO BEAR FRUIT!

*സിസ്റ്റർ ഏഞ്ചൽ*



വിളിയുടെ പ്രതിധ്വനിയുടെ വിദൂര കുടുംബാംഗങ്ങളേ,

നമ്മുടെ രാജ്യത്തിന്റെ 75–ാമതു സ്വാതന്ത്ര്യദിനത്തിൽ നിങ്ങൾ ഓരോരുത്തർക്കും ഊഷ്മളമായ ആശംസകൾ!

സ്വാതന്ത്ര്യത്തിന്റെ അനുഗ്രഹങ്ങൾ ആസ്വദിക്കാൻവേണ്ടി നിസ്വാർത്ഥമായി ജീവൻ ബലിയർപ്പിച്ച എണ്ണമറ്റ രക്തസാക്ഷികളെ ഇന്നു നാം നന്ദിയോടെ ഓർക്കുകയും ആദരിക്കുകയും ചെയ്യുന്നു. ഈ വിഷയത്തെക്കുറിച്ചു ഞാൻ ചിന്തിച്ചപ്പോൾ യേശുക്രിസ്തു നമുക്കുവേണ്ടി പോരാടി നേടിത്തന്ന സ്വാതന്ത്ര്യത്തെക്കുറിച്ച് എനിക്ക് ഓർമ്മവന്നു.

നാം ഒരിക്കൽ പാപത്തിന്റെ അടിമകളായിരുന്നു എന്ന് തിരുവചനം നമ്മെ പഠിപ്പിക്കുന്നു (റോമർ 6:20). റോമർ 7:24ൽ പൗലൊസ് ഇത് വികാരഭരിതനായി പ്രകടിപ്പിക്കുന്നു. **അയ്യോ, ഞാൻ അരിഷ്ട മനുഷ്യൻ! ഈ മരണത്തിന്നു അധീനമായ ശരീരത്തിൽനിന്നു എന്നെ ആർ വിടുവിക്കും?** ഇത് പൗലൊസിന്റെ മാത്രം അവസ്ഥയല്ല – എല്ലാ മനുഷ്യവർഗ്ഗത്തിന്റെയും അവസ്ഥയാണ്. വീണ്ടെടുപ്പ് ഇല്ലാതെ നാം നിരാശരായിരുന്നു.

എന്നാൽ, യേശുക്രിസ്തു ഈ ലോകത്തിലേക്ക് കടന്നുവന്നു, കാൽവരി ക്രൂശിൽ തന്റെ ജീവൻ അർപ്പിച്ചു, മൂന്നാം നാൾ വിജയശ്രീലാളിതനായി ഉയിർത്തെഴുന്നേറ്റു. തന്റെ മരണത്തിലൂടെയും പുനരുത്ഥാനത്തിലൂടെയും പാപത്തെയും ശാപത്തെയും മരണത്തെയും ജയിച്ചു, ഹേ, മരണമേ, നിന്റെ വിഷമുള്ള് എവിടെ? എന്നു ധൈര്യത്തോടെ പ്രഖ്യാപിച്ചു. അവൻ പൂർണ്ണമായ യാഗമായി നമുക്ക് യഥാർത്ഥവും പൂർണ്ണവുമായ സ്വാതന്ത്ര്യം നൽകി.

*3–ാം പേജിൽ തുടരും...*




**Echo of His Call**

*Christian YouTube Channel!*

**An opportunity to pray with Pr. S. Sam Selva Raj!**

Message & Prayer in 5 minutes!!

**English, Hindi, Tamil & Telugu**

Every day – From 2.00 A.M.

**Tamil Sunday Service – 8.30 A.M.**

* Please Subscribe and Share *

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)

## from your dearly beloved brother...





**ഞങ്ങളുടെ നിയോഗം**

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

HON. EDITOR-IN-CHIEF
Rev. Angeline S. Kumari, M.A., M.Sc., M.Ed.
EX MANAGING EDITOR
Pastor Alex Samson Sam, B.Th., M.Div.
GENERAL MANAGER
Bro. N. Prakasam, M.A., M.Sc.(C&P), PGDHRM., MBA.
ADMINISTRATION
Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)
EDITORIAL BOARD
Dr. Serena Bevin, M.A., M.Phil., B.Ed.
Sis. Sajini Cherian
Rev. Dr. K.R. Rajasekaran
Rev. Dr. William Robert, Ph.D., DD, D.Lit.

EDITOR, PUBLISHER & PRINTER
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 98412 71858 95661 31858
E.MAIL
sam@echoofhiscall.org
biblecor@yahoo.co.in
WEBSITES
www.echoofhiscall.org
www.stpaulsmatriculation.org
YOUTUBE CHANNEL
Echo of His Call

**യഹോവ എന്റെ ഇടയനാകുന്നു; എനിക്കു മുട്ടുണ്ടാകയില്ല. – സങ്കീർത്തനങ്ങൾ 23:1**

57th Year

## ശുശ്രൂഷ 57–ാം വർഷത്തിൽ പ്രവേശിക്കുന്നു!

### Entering into the 57th Year of Ministry!

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നാമത്തിന് സ്തുതി!

ദൈവത്തിന്റെ കൃപയാൽ, എന്റെ ഏഴാമത്തെ വയസ്സിൽ അവനെ സേവിക്കാനുള്ള ആഗ്രഹം എനിക്ക് ഉണ്ടായി. വചനത്തിൽ എഴുതപ്പെട്ടിരിക്കുന്നതുപോലെ,

**ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളം ഉണ്ടായിട്ടു പ്രവർത്തിക്കുന്നതു -** ഫിലിപ്പിയർ 2:13.

ഈ ദിവ്യവിളി ആദ്യം വേരൂന്നിയത് നെല്ലൈകോണത്തുള്ള എന്റെ മാതൃസഭയിലാണ്– നെയ്യൂർ ദക്ഷിണേന്ത്യ സഭയിലാണ്. അന്നുമുതൽ, ദൈവം എന്നെ ലോകത്തിന്റെ ദുഷിപ്പിക്കുന്ന സ്വാധീനങ്ങളിൽനിന്ന് വിശ്വസ്തതയോടെ സംരക്ഷിച്ചു, എന്നെ തന്റെ ശുശ്രൂഷകനായി രൂപപ്പെടുത്തുകയും പരിശീലിപ്പിക്കുകയും ചെയ്തു. എന്റെ ജീവിതത്തിലുടനീളം ദൈവത്തിന്റെ സ്നേഹം മാത്രം എനിക്കു മതിയായിരുന്നു. എന്റെ സ്വന്തഇഷ്ടപ്രകാരമുള്ള ഒരു ജീവിതം എനിക്കു നൽകുന്നതിനുപകരം, അവൻ എന്നെ സ്നേഹപൂർവ്വം തിരുത്തുകയും ശിക്ഷണം നൽകുകയും ചെയ്തു, എന്നെ അവന്റെ മകനും അവന്റെ ദാസനുമായി രൂപപ്പെടുത്തി.

**നിങ്ങൾ ബാലശിക്ഷ സഹിച്ചാൽ ദൈവം മക്കളോടു എന്നപോലെ നിങ്ങളോടു പെരുമാറുന്നു; അപ്പൻ ശിക്ഷിക്കാത്ത മക്കൾ എവിടെയുള്ളു** - എബ്രായർ 12:7.

ഈ യാത്ര അത്ര എളുപ്പമൊന്നുമായിരുന്നില്ല. ഞാൻ കടന്നുവന്ന പാത പലപ്പോഴും മനുഷ്യശക്തിക്ക് അതീതമായ പ്രയാസങ്ങളും പരീക്ഷണങ്ങളും നിറഞ്ഞതായിരുന്നു. എന്നിരുന്നാലും ജീവിതത്തിന്റെ ഏറ്റവും ദുഷ്കരമായ അവസരങ്ങളിൽ അവന്റെ മടിയിൽ തല ചായ്ക്കാനും ചിലപ്പോഴൊക്കെ അവന്റെ തോളിൽ ചാരുവാനും എനിക്ക് അനുഗ്രഹകരമായ അവസരങ്ങൾ ലഭിച്ചു. ദൈവം നല്ലവനാണെന്ന കാര്യത്തിൽ എനിക്കു സംശയമൊന്നുമില്ല. അവന്റെ വടിയും കോലും എന്റെ നിരന്തരമായ ആശ്വാസമായിരുന്നു.



കഴിഞ്ഞ 56 വർഷത്തെ ശുശ്രൂഷയിൽ, കർത്താവ് എനിക്ക് അവിസ്മരണീയവും അർത്ഥവത്തായതുമായ എണ്ണമറ്റ അനുഭവങ്ങൾ നൽകിയിട്ടുണ്ട്. അവന്റെ അളവറ്റ കൃപയാൽ, 2025 ഓഗസ്റ്റ് 10–ന് ശാരീരികവും ആത്മീയവുമായ ആരോഗ്യത്തോടെയും, നല്ല സാക്ഷ്യത്തോടെയും, ശുശ്രൂഷയുടെ 57–ാം വർഷത്തിലേക്ക് ഞാൻ പ്രവേശിക്കുന്നു.

***ഒന്നാം നൂറ്റാണ്ടിലെ സഭയുടെ വെള്ളം ചേർക്കാത്ത അപ്പോസ്തോലിക സിദ്ധാന്തങ്ങൾ ഇന്നത്തെ തലമുറയ്ക്കു പകർന്നു നൽകുക എന്ന തത്വം പിന്തുടരുന്നു.***

വിളിയുടെ പ്രതിധ്വനി ശുശ്രൂഷകൾ ആഡംബരമില്ലാതെയും വലിയ സാമ്പത്തിക വികാസങ്ങളില്ലാതെയും തുടർന്നും പ്രവർത്തിക്കുന്നു. ദൈവകൃപയാൽ ഞങ്ങളുടെ വിളിയിലും ദർശനത്തിലും ഞങ്ങൾ പ്രതിജ്ഞാബദ്ധരായി പ്രവർത്തിക്കുന്നു.

സകല ബഹുമാനവും മഹത്വവും അങ്ങേയ്ക്കു മാത്രം!

Our Ministries: ECHO OF HIS CALL Monthly Magazines (16 languages) ✪ BIBLECOR - Postal Courses (3 languages) ✪ YouTube Ministry ✪ Online Courses ✪ Theological Correspondence Courses (2 languages) ✪ Church Planting ✪ Nehemiah Bible Colleges ✪ Gospel Printing Press ✪ Great Commission Partners ✪ St. Paul's Matriculation School ✪ Crusades ✪ Community Development

## ഞങ്ങളുടെ നിലവിലുള്ള ശുശ്രൂഷകൾ!

1. 24 മണിക്കൂർ പ്രാർത്ഥനാ സഹായം
2. പള്ളികൾ സ്ഥാപിക്കുക
3. **വിളിയുടെ പ്രതിധ്വനി** – 16 ഭാഷകളിൽ പ്രസിദ്ധീകരിക്കുന്ന മാസിക
4. **ബൈബിൾകോർ** – 3 ഭാഷകളിലെ പ്രാഥമിക വേദപുസ്തക കറസ്പോണ്ടൻസ് കോഴ്സ്
5. 2 ഭാഷകളിലെ വേദശാസ്ത്ര കറസ്പോണ്ടൻസ് കോഴ്സുകൾ
6. **നെഹെമ്യ ബൈബിൾ കോളേജുകൾ** – ചെപ്പോക്ക്, സന്തോഷപുരം, വേളാച്ചേരി എന്നിവിടങ്ങളിലെ പാർപ്പിടങ്ങളുള്ള കാമ്പസുകൾ
7. സുവിശേഷ അച്ചടിശാല
8. **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ** – ഗ്രാമീണ ഹൈസ്കൂൾ
9. സെമിനാറുകൾ
10. സുവിശേഷ യോഗങ്ങൾ
11. **വിളിയുടെ പ്രതിധ്വനി യുട്യൂബ് ശുശ്രൂഷ**
12. സാമൂഹിക പ്രവർത്തനവും സേവനവും

കർത്താവിനുവേണ്ടി വലിയ വേലകൾ ചെയ്യുവാൻ ഞാൻ ഇപ്പോഴും ആഗ്രഹിക്കുന്നു. “ഏതുവിധേനയും ചിലരെ രക്ഷിക്കുവാൻ” (1കൊരിന്ത്യർ 9:22) ഞാൻ തീഷ്ണമായി അദ്ധ്വാനിക്കുന്നു, “ജനത്തെ കർത്താവിനുവേണ്ടി ഒരുക്കുവാൻ (ലൂക്കൊസ് 1:17) പരിശ്രമിക്കുന്നു.

ഈ യാത്രയിൽ പരാജയങ്ങൾ, പ്രയാസങ്ങൾ, കഷ്ടപ്പാടുകൾ, ബലഹീനതകൾ, പോരായ്മകൾ, ആഴമായ ഏകാന്തതയുടെ നിമിഷങ്ങൾ എന്നിവ ഉൾപ്പെട്ടിരിക്കുന്നുവെങ്കിലും എന്നിൽ പ്രവർത്തിക്കുന്ന ദൈവത്തിന്റെ ബലമേറിയ കരത്തിന്റെ ശക്തിയാൽ ഞാൻ നിരന്തരം ശക്തിപ്പെടുന്നു. എല്ലാ വെല്ലുവിളികൾക്കിടയിലും അവൻ മാത്രമാണ് എന്റെ വഴികാട്ടി, ദാതാവ്, വിശ്വസ്തനായ സുഹൃത്ത്, മാറ്റമില്ലാത്ത പരിപാലകൻ.

സന്തോഷത്തിലും സന്താപത്തിലും എന്നോടൊപ്പം നിൽക്കുന്ന നിങ്ങൾക്കെല്ലാവർക്കും, ദൈവം എല്ലാ നല്ല ദാനങ്ങളും നൽകി സമൃദ്ധിയായി അനുഗ്രഹിക്കട്ടെ. കർത്താവ് തന്റെ മഹത്തായ ദൗത്യത്തിനായി ഇനിയും അനേകം സഹപ്രവർത്തകരെയും കൈതാങ്ങുന്നവരെയും ഉയർത്തട്ടെ എന്നു ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

**അന്ധകാരം എന്നെ ചുറ്റുമ്പോൾ,**
**പിതാവേ അങ്ങ് എന്നോടൊപ്പമുണ്ട്**
**അനാഥനായി ഞാനലഞ്ഞെങ്കിലും അങ്ങ് എന്നെ ആശ്ലേഷിച്ചു!**

1. **മരുഭൂമിയിൽ നടക്കുമ്പോൾ അങ്ങ് എന്നെ സംരക്ഷിക്കും**
   **പാത കഠിനവും ദുർഘടവുമെങ്കിലും**
   **അങ്ങയുടെ കൃപയാൽ എന്നെ ആശ്വസിപ്പിക്കും.**
2. **മാറായിലെ ജലം മധുരമായിത്തീരും!**
   **എന്റെ പ്രീയനായ യേശു എന്റെ സ്വന്തമായിത്തീർന്നു**
   **യേശുവേ, നിന്റെ ബലമുള്ള ഭുജത്താൽ നീ ദരിദ്രരെ താങ്ങും!**
3. **എന്റെ കാലുകൾ വഴുതുമ്പോൾ, നിന്റെ കൃപ എന്നെ താങ്ങും**
   **നീ എന്നെ കൊമ്പിനാൽ അഭിഷേകം ചെയ്ത്**
   **എന്നെ ഉയർത്തുകയും ചെയ്യും.**

ദൈവീക കൃപ നിങ്ങളെല്ലാവരോടും ഉണ്ടാകട്ടെ, ആമേൻ!

*ക്രിസ്തു യേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ,*
***പാസ്റ്റർ എസ്. സാം സെൽവരാജ്***
ഇമെയിൽ : sam@echoofhiscall.org

*1–ാം പേജിന്റെ തുടർച്ച...*

ഇതാണ് സത്യം. **ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു...** (യോഹന്നാൻ 14:6) എന്ന് യേശുക്രിസ്തു പറഞ്ഞു. **സത്യം നിങ്ങൾ അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും** (യോഹന്നാൻ 8:32) എന്നും അവൻ പ്രഖ്യാപിച്ചു. ആ സത്യം യേശുക്രിസ്തു തന്നെ.

ഈ മഹത്തായ സ്വാതന്ത്ര്യം നമുക്കു ലഭിച്ചു കഴിഞ്ഞാൽ, അത് ഉപയോഗിച്ച് നാം എന്തു ചെയ്യണം?

വേദപുസ്തകത്തിൽ, യോഹന്നാൻ 15:16 ൽ ഇതിനുള്ള വ്യക്തമായ ഉത്തരം യേശുക്രിസ്തു തന്നെ നൽകുന്നു: **നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു, നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിന്നും നിങ്ങളുടെ ഫലം നിലനിൽക്കേണ്ടതിന്നും നിങ്ങളെ ആക്കിവെച്ചുമിരിക്കുന്നു.**

യേശുക്രിസ്തുവിൽ നമുക്കുള്ള സ്വാതന്ത്ര്യം അവന്റെ മഹത്വത്തിനായി എന്നേക്കും നിലനിൽക്കുന്ന, ആത്മാക്കളെ നേടുവാൻ ഉതകുന്ന ഫലം കായ്ക്കുവാനായി നമുക്കു വിനിയോഗിക്കാം.

അതിനാൽ യേശുക്രിസ്തു നമുക്കു സ്വാതന്ത്ര്യം നൽകിയിട്ടുണ്ടെന്നു നാം മനസ്സിലാക്കുന്നതോടൊപ്പം തന്നെ ആ സ്വാതന്ത്ര്യത്തിലൂടെ അവനുവേണ്ടി ഫലം കായ്ക്കണമെന്നും അവൻ പ്രതീക്ഷിക്കുന്നു.

## 1. അവനിൽ വസിക്കുക!

അവനുവേണ്ടി ഫലം കായ്ക്കുവാനുള്ള ഒരേ ഒരു മാർഗ്ഗം സത്യമായിട്ടും അവനിൽ വസിക്കുക എന്നതാണ്. വേറെ ഒരു വഴിയുമില്ല. വേദപുസ്തകം ഇങ്ങനെ നമ്മെ പഠിപ്പിക്കുന്നു:

## വളരെ അടിയന്തരമായ അറിയിപ്പ്!




**വിളിയുടെ പ്രതിധ്വനി** തപാലിലൂടെ അയയ്ക്കുന്നതുമായി ബന്ധപ്പെട്ട് സമീപഭാവിയിൽ തടസ്സങ്ങൾ നേരിടാൻ സാദ്ധ്യതയുള്ളതിനാൽ **വിളിയുടെ പ്രതിധ്വനി** മാസിക തുടർന്നും ലഭിക്കണമെന്ന് താല്പര്യമുള്ളവർ നിങ്ങളുടെ പേര്, വിലാസം, ഇ-മെയിൽ, വാട്ട്സ്ആപ് നമ്പർ മുതലായവ ഞങ്ങളെ കത്ത്, ഇ-മെയിൽ, ഫോൺ, SMS, വാട്ട്സ്ആപ് എന്നിവയിലൂടെ എത്രയും വേഗം ഞങ്ങളെ അറിയിക്കുവിൻ.

നിങ്ങളുടെ പിന്താങ്ങൽ നിങ്ങളെ കൂടുതലായി സേവിക്കുവാൻ ഞങ്ങളെ സഹായിക്കുന്നു.

**ഞങ്ങളുടെ വിലാസം:**

**വിളിയുടെ പ്രതിധ്വനി,**
10, മുഹമ്മദ് അബ്ദുള്ള 2–ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ 600 005, ഇന്ത്യ
ഫോൺ: (+91) 98412 71858 ഇ-മെയിൽ: sam@echoofhiscall.org

**...ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും; എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്‌വാൻ കഴികയില്ല** - യോഹന്നാൻ 15:5.

ഇത് ഫലം പുറപ്പെടുവിക്കുന്ന ഒരു ജീവിതത്തിലേക്കുള്ള വിളിയാണ്.

**ഫലഭൂയിഷ്ഠത**

നാം അവനിൽ വസിക്കുമ്പോൾ നാം ഫലം നൽകുന്നവരാകും!

ഒരു പിരമിഡായി പ്രതിനിധീകരിക്കുന്ന ഈ രേഖാചിത്രം ബന്ധത്തിൽനിന്നു ഫലപ്രാപ്തിയിലേക്കുള്ള പുരോഗതി ചിത്രീകരിക്കുന്നു.




*എന്നെ പിരിഞ്ഞു നിങ്ങൾക്ക് ഒന്നു ചെയ്‌വാൻ കഴികയില്ല (യോഹന്നാൻ 15:5). ശാഖകൾ അവയുടെ ഉറവിടവുമായി ബന്ധപ്പെട്ടിരുന്നാൽ മാത്രമേ നിലനിൽക്കു എന്ന് ഈ വ്യക്തമായ പ്രഖ്യാപനം ഓർമ്മിപ്പിക്കുന്നു.*

### എ. ബന്ധം!

ബന്ധം എന്നത് ക്രിസ്തുവുമായുള്ള അടിസ്ഥാനബന്ധത്തെയാണ് സൂചിപ്പിക്കുന്നത്. ഇത് ഒരു ആകസ്മിക ബന്ധമല്ല, മറിച്ച് ഒരു സുപ്രധാനവും ജീവൻ നൽകുന്നതുമായ ബന്ധമാണ്. യേശുക്രിസ്തു ഇതിനെ നിലനിൽക്കുന്നത് അല്ലെങ്കിൽ ശാശ്വതമായത് എന്നാണ് വിശേഷിപ്പിക്കുന്നത്. ഈ പദങ്ങൾ സ്ഥിരത, അടുപ്പം, തുടർച്ചയായ ആശ്രയത്വം എന്നിവയെ സൂചിപ്പിക്കുന്നതാണ്.

### ബി. പോഷണം!

രണ്ടാമത്തെ തലമായ പോഷണം, ഈ ബന്ധത്തിലൂടെ ഒഴുകുന്നത് എന്താണ് എന്നു ചിത്രീകരിക്കുന്നു. ശാഖകൾക്ക് മുന്തിരിവള്ളിയിൽനിന്ന് നീര്, പോഷകങ്ങൾ, വെള്ളം എന്നിവ ലഭിക്കുന്നതുപോലെ, നമുക്ക് യേശുക്രിസ്തുവിൽനിന്ന് അവന്റെ ജ്ഞാനം, ശക്തി, സ്നേഹം, കൃപ എന്നീ ആത്മീയ വിഭവങ്ങൾ ലഭിക്കുന്നു. ഈ പോഷണം യാന്ത്രികമല്ല; അതിന് നമ്മുടെ ഭാഗത്തുനിന്ന് സജീവമായ സ്വീകാര്യത ആവശ്യമാണ്.

### സി. സമൃദ്ധമായ ഫലം!

ഏറ്റവും മുകളിലായി സമൃദ്ധമായ ഫലം ഈ ഇണക്കപ്പെട്ട ബന്ധത്തിന്റെ സ്വാഭാവിക ഫലത്തെ പ്രതിനിധീകരിക്കുന്നു. ഫലം എന്നത് നമ്മുടെ അദ്ധ്വാനത്തിന്റെയോ മാനുഷിക പ്രയത്നത്തിന്റെയോ ഫലമല്ല, മറിച്ച് ക്രിസ്തുവുമായുള്ള ആരോഗ്യകരമായ ഐക്യത്തിൽനിന്ന് സ്വാഭാവികമായി ഒഴുകുന്നു. ഈ ഫലത്തിൽ സ്വഭാവ പരിവർത്തനവും (ഗലാത്യർ 5:22,23) ഫലപ്രദമായ ശുശ്രൂഷയും ഉൾപ്പെടുന്നു.

അതുകൊണ്ട് ഫലം കായ്ക്കണമെങ്കിൽ, നാം ദൈവവുമായി ബന്ധപ്പെട്ടിരിക്കണം. എന്നാൽ കേവലം ബന്ധപ്പെട്ടിരിക്കുന്നതിനെക്കാൾ ഉപരിയായി യോഹന്നാൻ 15:5 ൽ പറഞ്ഞിരിക്കുന്ന രക്ഷകനിലുള്ള നമ്മുടെ പൂർണ്ണ ആശ്രയത്തെയാണ് ഊന്നിപ്പറയുന്നത്. "എന്നെക്കൂടാതെ നിങ്ങൾക്ക് ചില കാര്യങ്ങൾ ചെയ്യാൻ കഴിയും" അല്ലെങ്കിൽ, "നിങ്ങൾക്കു ഫലപ്രാപ്തി കുറയും" എന്നൊന്നും യേശുക്രിസ്തു പറഞ്ഞിട്ടില്ല. അവൻ ഒന്നും പറയുന്നില്ല. ആത്മീയ മൂല്യമുള്ള എന്തും ഉൽപ്പാദിപ്പിക്കുന്നതിനായി നമ്മിലൂടെ ഒഴുകുന്ന അങ്ങയുടെ ജീവിതത്തെ നാം പൂർണ്ണമായും ആശ്രയിക്കുന്നതിനെ ഇത് അടിവരയിടുന്നു.

## 2. നമുക്ക് എങ്ങനെ ക്രിസ്തുവിൽ വസിക്കുന്നത് തുടരാൻ കഴിയും?

ക്രിസ്തുവിൽ വസിക്കാൻ നമ്മെ സഹായിക്കുന്ന നാലു പ്രധാന ഘടകങ്ങളുണ്ട്.

### 1. വചനം!

വേദപുസ്തക പാരായണം വെറും ബുദ്ധിപരമായ വ്യായാമമല്ല, അത് ആത്മീയ പോഷണമാണ്. ദൈവവചനം നാം എത്രയധികം വായിക്കുന്നുവോ അത്രയധികം നാം അവനെപ്പോലെ ആയിത്തീരും.

**ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിന്നു നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു** - സങ്കീർത്തനങ്ങൾ 119:11.

നമ്മെ മാത്രമല്ല, മറ്റുള്ളവരെയും സ്നേഹത്തിലും സത്യത്തിലും തിരുത്തി നമ്മെ നയിക്കുന്ന ഒരു വെളിച്ചമായി ദൈവവചനം വർത്തിക്കുന്നു.

**സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീകഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിന്നു പാടിയും ഇങ്ങനെ ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടുംകൂടെ നിങ്ങളിൽ വസിക്കട്ടെ** - കൊലൊസ്സ്യർ 3:16.

വചനം വായിക്കുന്നതുപോലെ തന്നെ പ്രാധാന്യമുള്ളതാണ് വചനധ്യാനം. ഇത് ക്രമരഹിതമായിരിക്കരുത്, മനഃപൂർവ്വവും ചിട്ടയോടുകൂടിയതുമായിരിക്കണം. അപ്പോൾ മാത്രമേ വചനത്തിന് നമ്മുടെ മനസ്സുകളെ പുതുക്കാനും നമ്മുടെ ഹൃദയങ്ങളെ ദൈവത്തിന്റെ ഹൃദയവുമായി സംയോജിപ്പിക്കുവാനും കഴിയൂ.

### 2. പ്രാർത്ഥന!

പ്രാർത്ഥന ദൈവവുമായുള്ള ആശയവിനിമയമാണ്, അല്ലാതെ ആവശ്യങ്ങളുടെ പട്ടിക മാത്രമല്ല. പലപ്പോഴും നാം അതിനെ സാധനങ്ങൾ വാങ്ങാനുള്ള പട്ടിക പോലെയാണ് കണക്കാക്കുന്നത്. എന്നാൽ നമ്മുടെ സൃഷ്ടാവുമായുള്ള നിരന്തരമായ കൂട്ടായ്മയാണ് യഥാർത്ഥമായ പ്രാർത്ഥന.

**ഇടവിടാതെ പ്രാർത്ഥിപ്പിൻ** - 1 തെസ്സലോനികൃർ 5:17.

നമുക്ക് എങ്ങനെ ഇടവിടാതെ പ്രാർത്ഥിക്കാം? ദിവസം മുഴുവനും ദൈവത്തോടു സംസാരിക്കുന്നതിലൂടെയാണ് ഇത് സാദ്ധ്യമാകുക. വാഹനം ഓടിക്കുമ്പോഴും, നടക്കുമ്പോഴും, പാചകം ചെയ്യുമ്പോഴും, വൃത്തിയാക്കുമ്പോഴുമെല്ലാം നിങ്ങളുടെ ജീവിതത്തിലെ എല്ലാ വിശദാംശങ്ങളും അവനുമായി പങ്കുവയ്ക്കാം.

### 3. അനുസരണം!

മൂന്നാമത്തെ ഘടകം അനുസരണമാണ്. യോഹന്നാൻ 15:16 ലൂടെ അനുസരണവും തന്നിൽ വസിക്കുന്നതും തമ്മിലുള്ള ബന്ധം യേശുക്രിസ്തു വെളിപ്പെടുത്തുന്നു. അനുസരണം ഭാരമേറിയ കർത്തവ്യമോ നിയമപരമായ ആവശ്യമോ അല്ല. മറിച്ച്, ദൈവത്തോട് സ്നേഹത്തോടുകൂടിയ പ്രതികരണമാണ്.

**നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും** - യോഹന്നാൻ 14:15).

### 4. കൂട്ടായ്മ!

എബ്രായർ 10:24,25 ൽ ഒരുമിച്ചു കൂടിവരുന്നതിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്നു. ഇപ്പോൾ പലരും യുട്യൂബ് പള്ളികളിൽ തൃപ്തിപ്പെടുന്നു. ഓൺലൈൻ വിഭവങ്ങൾക്ക് ആത്മീയ വളർച്ചയെ സഹായിക്കാൻ കഴിയുമെങ്കിലും അവ ഒരിക്കലും വ്യക്തിപരമായ ഒത്തുചേരലിനു പകരമാകരുത്. ഇത് ദൈവത്തിൽനിന്നുള്ള വ്യക്തമായ കല്പനയാണ്.

ക്രിസ്തുവുമായുള്ള നമ്മുടെ വ്യക്തിപരമായ നടത്തത്തെ ശക്തിപ്പെടുത്തുന്ന ഘടകങ്ങളായ ഉത്തരവാദിത്തവും പ്രോത്സാഹനവും ജ്ഞാനത്തിന്റെ പങ്കിടലും ക്രിസ്തീയ സമൂഹം നമുക്കു വാഗ്ദത്തം ചെയ്യുന്ന വിഷയങ്ങളാണ്.

6-ാം പേജിൽ തുടരും...

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**ആഗസ്റ്റ് 19** ⇨ മുഖ്യസഭയിലെ യുവജന കൂട്ടായ്മയിലെ അംഗങ്ങൾ അനുഗ്രഹിക്കപ്പെട്ടതിനായി.

**ആഗസ്റ്റ് 20** ⇨ 2025 ജൂലൈ 1 ന് സന്തോഷപുരത്ത് **നെഹെമ്യ ബൈബിൾ കോളേജ്** പുനരാരംഭിക്കുവാൻ സഹായിച്ചതിനായി.

**ആഗസ്റ്റ് 21** ⇨ 2025 ഓഗസ്റ്റ് 10 ന് നടന്ന **വിളിയുടെ പ്രതിധ്വനി**യുടെ 56-ാം വാർഷികയോഗം ആശീർവദിച്ചതിനായി.

**ആഗസ്റ്റ് 22** ⇨ ഐക്യത്തോടും പ്രതിബദ്ധതയോടും സേവനം ചെയ്യുന്ന സമർപ്പിതരായ ജീവനക്കാരെ ഞങ്ങൾക്കു നൽകിയതിനായി.

**ആഗസ്റ്റ് 23** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ** പ്രിൻസിപ്പാൾ, ജീവനക്കാർ, വിദ്യാർത്ഥികൾ എന്നിവരെ അനുഗ്രഹിച്ചതിനായി.

**ആഗസ്റ്റ് 24** ⇨ ധാർമ്മികമായും സാമ്പത്തികമായും ഞങ്ങളെ പിന്തുണയ്ക്കുന്ന വിശ്വസ്ത പങ്കാളികളെ നൽകിയതിനായി.

**ആഗസ്റ്റ് 25** ⇨ ഞങ്ങളുടെ എല്ലാ ജീവനക്കാരെയും കുടുംബാംഗങ്ങളെയും സംരക്ഷിക്കുന്നതിനായി.

**ആഗസ്റ്റ് 26** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ** പ്രവേശനത്തിനായി.

**ആഗസ്റ്റ് 27** ⇨ ഞങ്ങളെ പിന്തുയയ്ക്കുന്നവർക്ക് ദൈവീക അനുഗ്രഹത്തിനായി.

**ആഗസ്റ്റ് 28** ⇨ സീനിയർ പാസ്റ്ററുടെയും കുടുംബത്തിന്റെയും ദൈവീക അനുഗ്രഹങ്ങൾക്കായി.

**ആഗസ്റ്റ് 29** ⇨ **വിളിയുടെ പ്രതിധ്വനി**യുടെ അസ്സോസിയേറ്റ് എഡിറ്റർമാരുടെയും കുടുംബാംഗങ്ങളുടെയും അനുഗ്രഹത്തിനായി.

**ആഗസ്റ്റ് 30** ⇨ മിഷൻ ഫീൽഡിലെ ഞങ്ങളുടെ മിഷണറിമാരുടെയും കുടുംബാംഗങ്ങളുടെയും ദൈവീക സംരക്ഷത്തിനായി.

**ആഗസ്റ്റ് 31** ⇨ കഴിഞ്ഞ മാസത്തെ ഞങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റിത്തന്നതിനായി.

**സെപ്റ്റംബർ 01** ⇨ ഞങ്ങളുടെ സഭകളിൽ പുതിയ അംഗങ്ങളെ കൂട്ടിവരുത്തിയതിനായി.

**സെപ്റ്റംബർ 02** ⇨ **നെഹെമ്യ ബൈബിൾ കോളേജിൽ** പുതിയ വിദ്യാർത്ഥികളെ ചേർത്ത കൃപക്കായി.

**സെപ്റ്റംബർ 03** ⇨ അസ്സോസിയേറ്റ് എഡിറ്റർമാരുടെ സഹകരണത്തിനും പ്രതിബദ്ധതയ്ക്കുമായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**സെപ്റ്റംബർ 04** ⇨ **വിളിയുടെ പ്രതിധ്വനി**യുടെ മുഖ്യസഭയിലെയും ശാഖാസഭകളിലെയും വിശ്വാസികളുടെയും കുടുംബത്തിന്റെയും ക്ഷേമത്തിനായി.

**സെപ്റ്റംബർ 05** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവരുടെയും കുടുംബാംഗങ്ങളുടെയും ആവശ്യങ്ങളും താല്പര്യങ്ങളും നിറവേറപ്പെടുവാൻ.

**സെപ്റ്റംബർ 06** ⇨ സംസ്ഥാന കോഡിനേറ്റർമാരുടെയും അവരുടെ കൂട്ടായ്മയുടെയും ക്ഷേമത്തിനും ഐക്യത്തിനുമായി.

**സെപ്റ്റംബർ 07** ⇨ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അക്രമം ഇല്ലാതാകുവാൻ.

**സെപ്റ്റംബർ 08** ⇨ സീനിയർ പാസ്റ്റർ റവ. എസ്. സാം സെൽവരാജിന്റെ ബഹുമുഖ ശുശ്രൂഷകളുടെ എല്ലാ മേഖലകളിലും പുതിയ ദർശനത്തിനും അഭിഷേകത്തിനുമായി.

**സെപ്റ്റംബർ 09** ⇨ ഞങ്ങളുടെ ജീവനക്കാരുടെയും കുടുംബാംഗങ്ങളുടെയും ദൈവീക സംരക്ഷണത്തിനായി.

**സെപ്റ്റംബർ 10** ⇨ സുവിശേഷ അച്ചടിശാലയിലെ ജീവനക്കാർക്ക് വർദ്ധിച്ച കാര്യക്ഷമതയും മികവിനുമായി.

**സെപ്റ്റംബർ 11** ⇨ **നെഹെമ്യ ബൈബിൾ കോളേജുകളിൽ** പഠിപ്പിക്കുകയും വിവർത്തനം ചെയ്യുകയം ചെയ്യുന്ന സഹപ്രവർത്തകരുടെ അദ്ധ്വാനത്തിനായി.

**സെപ്റ്റംബർ 12** ⇨ വിട്ടുവീഴ്ച കൂടാതെ സത്യസന്ധമായി സുവിശേഷകർ വചനം പ്രസംഗിക്കുവാനായി.

**സെപ്റ്റംബർ 13** ⇨ **നെഹെമ്യ ബൈബിൾ കോളേജുകളിൽ** കൂടുതൽ വിദ്യാർത്ഥികൾ പ്രവേശനം നേടുവാൻ.

**സെപ്റ്റംബർ 14** ⇨ എല്ലാ രാജ്യങ്ങൾക്കിടയിലും ഐക്യവും സമാധാനവും ഉണ്ടാകുവാനായി.

**സെപ്റ്റംബർ 15** ⇨ മദ്യപാനികളുടെയും ദുഷ്പ്രവൃത്തിക്കാരുടെയും അനുതാപത്തിനും പരിവർത്തനത്തിനും.

**സെപ്റ്റംബർ 16** ⇨ ഞങ്ങളുടെ ശുശ്രൂഷകളുടെ വികസനത്തിനും സുവിശേഷത്തിന്റെ ആഗോള വ്യാപനത്തിനും.

**സെപ്റ്റംബർ 17** ⇨ അസ്സോസിയേറ്റ് എഡിറ്റർമാരുടെയും കുടുംബാംഗങ്ങളുടെയും ക്ഷേമത്തിനും സുരക്ഷയ്ക്കുമായി.

**സെപ്റ്റംബർ 18** ⇨ എല്ലാ കുടുംബങ്ങളിലും സമാധാനം നിലനിൽക്കുവാനായി.

... 4-ാം പേജിന്റെ തുടർച്ച

## 3. അവശേഷിക്കുന്ന ഫലം = സ്ഥിരോത്സാഹം:

ഈ നാലു അവശ്യ ഘടകങ്ങൾ സ്ഥിരമായി നമ്മുടെ ജീവിതത്തിൽ ഉണ്ടെങ്കിൽ അവശേഷിക്കുന്ന ഫലം കായ്ക്കാൻ നമുക്കു ശക്തി ലഭിക്കുന്നു.

യേശുക്രിസ്തു തന്റെ ശിഷ്യന്മാരോട് "ഫലം കായ്ക്കുക എന്നു പറയുക മാത്രമല്ല ചെയ്തത്; നിലനിൽക്കുന്ന ഫലം കായ്ക്കാനും അവൻ പറഞ്ഞു, കാലത്തിന്റെ പരീക്ഷണത്തെ അതിജീവിക്കുന്ന ഫലം.



ഇത് പ്രകൃതിയുടെ സഹിഷ്ണുതയുടെ ഏറ്റവും ശക്തമായ പ്രതീകങ്ങളിലൊന്നായ സെക്കോയ മരത്തിന്റെ ചിത്രമാണ്. ഈ ഭീമന്മാരിൽ ചിലർ 3000 വർഷത്തിലേറെയായി എണ്ണമറ്റ തീപിടുത്തങ്ങളെയും കൊടുങ്കാറ്റുകളെയും പാരിസ്ഥിതിക മാറ്റങ്ങളെയും അതിജീവിച്ചു നിലകൊള്ളുന്നു. ഏതുതരത്തിലുള്ള വളർച്ചയിലും സ്ഥിരോത്സാഹത്തിന്റെയും ക്ഷമയുടെയും പ്രാധാന്യത്തെക്കുറിച്ചുള്ള ശ്രദ്ധേയമായ ഓർമ്മപ്പെടുത്തലായി അവ പ്രവർത്തിക്കുന്നു.

സ്ഥിരമായ സ്ഥിരോത്സാഹത്തിലൂടെ മാത്രമേ ശാരീരികവും ബുദ്ധിപരവും ബന്ധുപരവുമായ യഥാർത്ഥ വളർച്ച സാദ്ധ്യമാകൂ. ക്ഷമയും സ്ഥിരോത്സാഹവും ശാശ്വത വികസനത്തിന്റെ ഇരട്ട തൂണുകളാണ്. വളർച്ചയ്ക്കു നാലു ഘട്ടങ്ങളുണ്ട്.

### എ. പ്രാരംഭ വളർച്ച!

പുതിയ വിശ്വാസികൾ പലപ്പോഴും പരിവർത്തനവും ഉത്സാഹവും നിറഞ്ഞ ഒരു ആത്മീയ "ഹണിമൂൺ ഘട്ടത്തിലൂടെ" കടന്നുപോകുന്നു. യേശുക്രിസ്തുവുമായുള്ള അവരുടെ ബന്ധം പ്രകടവും ആത്മാർത്ഥവുമായ മാറ്റങ്ങൾ കൊണ്ടുവരുന്നു എങ്കിലും കാലം പോകുമ്പോൾ മാത്രമേ ഈ മാറ്റങ്ങൾ തെളിയിക്കുവാൻ സാധിക്കൂ.

### ബി. പരീക്ഷണകാലം!

വളർച്ചയുടെ ഏതൊരു യാത്രയിലും ഇത് ഒരു നിർണായക ഘട്ടമാണ്. തഴച്ചു വളരുന്നതിന്റെ പ്രാരംഭ ഘട്ടത്തിനുശേഷം, ആ വളർച്ചയുടെ ആഴവും ശക്തിയും വെളിപ്പെടുത്തുന്നതിന് പലപ്പോഴും ഒരു പരീക്ഷണകാലം അടുത്തതായി കടന്നുവരുന്നു. മത്തായി 13-ൽ, വിതക്കുന്നവന്റെ ഉപമ യേശുക്രിസ്തു പറഞ്ഞപ്പോൾ, വളർച്ചയുടെ ഫലം വിത്തുകൾ വിതച്ച മണ്ണിന്റെ തരത്തെ ആശ്രയിച്ചിരിക്കുന്നുവെന്ന് അവൻ വ്യക്തമാക്കി. ചില വിത്തുകൾ വേഗത്തിൽ മുളച്ചു, പക്ഷെ ഉപദ്രവങ്ങളും ജീവിതത്തിലെ ആശങ്കകളിലോ അത് വാടിപ്പോയി.

സ്ഥിതിവിവരക്കണക്കുകൾ വെച്ചു നോക്കുമ്പോൾ നിരവധി വിശ്വാസികൾ കഷ്ടതയുടെ സമയങ്ങളിൽ വീണുപോകുന്നു എന്നു നമുക്കു മനസ്സിലാക്കാം. മനുഷ്യ ബന്ധങ്ങളിലും ഈ മാതൃക പലപ്പോഴും കാണുന്നു. വാഗ്ദാനത്തോടെ ആരംഭിക്കുന്നത് സമയം, പരീക്ഷണങ്ങൾ, സമ്മർദ്ദങ്ങൾ എന്നിവയാൽ പരീക്ഷിക്കപ്പെടുന്നു.

### സി. വിശ്വസ്ത തുടർച്ചയുടെ ഘട്ടം!

ഈ ഘട്ടം പക്വതയുള്ള ശിഷ്യത്വത്തെ പ്രതിനിധീകരിക്കുന്നു. **നന്മ ചെയ്കയിൽ നാം മടുത്തുപോകരുതു; തളർന്നുപോകാഞ്ഞാൽ തക്ക സമയത്തു നാം കൊയ്യും** എന്ന് ഗലാത്യർ 6:9 നമ്മെ ഓർമ്മിപ്പിക്കുന്നു.

ഇത് സ്ഥിരോത്സാഹം അത്യന്താപേക്ഷിതമായ സമയമാണ്. ഉപേക്ഷിക്കാൻ നമുക്കു തോന്നിയേക്കാം, അത് ആത്മീയമായി വരണ്ട കാലമാണെന്നും തോന്നിയേക്കാം. എന്നാൽ വിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നത് യഥാർത്ഥ ആത്മീയ പക്വതയെ വെളിപ്പെടുത്തുന്നു. നമ്മുടെ ആത്മീയരായ പൂർവ്വികർ ഇത് നന്നായി മാതൃകയാക്കി.

എന്റെ പിതാവ് ഞങ്ങളുടെ പള്ളി ആരംഭിച്ചപ്പോൾ എന്റെ അമ്മയും ഞാനും മാത്രമേ തുടക്കത്തിൽ അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നുള്ളു എന്നു ഞാൻ ഓർക്കുന്നു. അമ്മ പ്രസവത്തിനു പോയപ്പോൾ പിതാവും ഞാനും മാത്രമായി. ഞായറാഴ്ചകളിൽ, എന്റെ പിതാവ് ആയിരക്കണക്കിന് ആളുകളെ അഭിസംബോധന ചെയ്യുന്നതുപോലെ പ്രസംഗിക്കുമായിരുന്നു. വളരെ ചെറുപ്പമായിരുന്ന ഞാൻ എല്ലാ ആഴ്ചയും കരങ്ങൾ ഉയർത്തി അദ്ദേഹത്തിന്റെ വിളിക്കു മറുപടി നൽകുമായിരുന്നു.

ദിവസങ്ങളും മാസങ്ങളും കടന്നുപോയി. വ്യത്യാസമൊന്നും ഉണ്ടായില്ല. പക്ഷെ പിതാവ് ഒരിക്കലും തളർന്നില്ല. വിശ്വാസത്തിന്റെ കണ്ണുകളോടെ അദ്ദേഹം വിശ്വസ്തതയോടെ തുടർന്നു.

ഒടുവിൽ, കർത്താവ് ഞങ്ങളുടെ സഭയെ അനുഗ്രഹിച്ചു, ദൈവത്തിനു സ്തുതി. അതു വളർന്നു എന്നു മാത്രമല്ല, ഇന്ത്യയിലുടനീളവും മറ്റു രാജ്യങ്ങളിലും ശാഖകൾ സ്ഥാപിക്കുവാനും ഞങ്ങൾക്കു കഴിഞ്ഞു.

അതിനാൽ, മുന്നോട്ടു പോകുക. ഉപേക്ഷിക്കരുത്. ഇന്നു നമ്മൾ വിശ്വസത്തോടെ

8 -ാം പേജിൽ തുടരും...

നെഹെമ്യ ബൈബിൾ കോളേജുകൾ
ചെപ്പോക്ക് & സന്തോഷപുരം,ചെന്നൈ.
യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ
അതിവേഗം അഡ്മിഷൻ നേടുവിൻ!
ദൈവശാസ്ത്രത്തിൽ ഡിപ്ലോമ
ഭാഷ : തമിഴ് (Part time)
ഹിന്ദി (Residential) (Sponsorship available)
കഴിഞ്ഞ 55 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്
ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ-600 005, ഇന്ത്യ
ഫോൺ : (91-44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## MAIN CHURCH PROGRAMMES

1. Prayer Service : 24 hours
2. **ECHO OF HIS CALL** - Monthly Magazines :English, Tamil, Malayalam, Telugu, Hindi, Kannada, Marathi, Gujarati, Bengali, Odiya, Nepali, Assamese, Punjabi, Urdu, Sinhala & Afrikan.
3. **BIBLECOR -** Basic Bible Courses (English, Tamil & Hindi)
4. Theological Correspondence Courses: English & Tamil
5. Nehemiah Bible Colleges (Chepauk, Santhoshapuram & Velachery)
6. Great Commission Partners (Network of Pastors)
7. Training Programmes – Seminars & Retreats
8. Crusades
9. Literature Distribution and Follow Up
10. Gospel Printing Press - Publications
11. St. Paul's Matriculation School - Village English High School
12. Sunday Schools (Chepauk) : 10.30 a.m. Sunday & (Velachery, Balaji Nagar & Santhoshapuram) 3.00 p.m. Sunday
13. **Early Morning Service : 5.30 a.m. Sunday**
14. **Preliminary Service : 8.00 a.m. Sunday**
15. **Tamil Service : 8.30 a.m. Sunday**
16. **Youth Meeting : 11.00 a.m. Sunday**
17. **Fellowship Lunch : 1.00 p.m. Sunday**
18. **Hindi Service : 4.00 p.m. Sunday**
19. **Telugu Service : 5.00 p.m. Sunday**
20. **English & Hindi Service : 6.00 p.m. Sunday**
21. Feedback Time : 7.30 p.m. Sunday
22. Women's Prayer : 5.30 p.m. Wednesday
23. Men's Prayer : 7.00 p.m. Friday
24. Discipleship Meeting : 6.00 p.m. Saturday
25. House Meetings : 6.30 p.m. Tuesday & Thursday
26. Special Holy Communion : 6.00 a.m. 1st day of each month
27. Ministers' Meeting : 6.00 p.m. First Saturday
28. Parents' Prayer : 4.00 p.m. First Sunday
29. Night Prayer : 9.30 p.m. Third Friday
30. Fasting Prayer : 9:30 a.m. Second Saturday
31. Holy Communion : Second Sunday Services
32. Youth / Kid Prayer : 10.00 p.m. daily (over phone)
33. Staff Devotion : 9.00 a.m. daily
34. Office : 9.00 a.m. to 9.00 p.m. (except Sundays)

## *വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ*

### *1. ബൈബിൾകോർ*

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### *2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്*

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*
**ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,**
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2957,
ചെപ്പോക്ക്, ചെന്നൈ - 600 005.
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി
### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചു കൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| **Account Name** | : | **ECHO OF HIS CALL EDUCATIONAL TRUST** |
| **Account Number** | : | **1023 2923 805** |
| **Bank Name** | : | **STATE BANK OF INDIA** |
| **Branch** | : | **TRIPLICANE, CHENNAI - 600 005** |
| **IFSC Code** | : | **SBIN 0000249** |
| **SWIFT Code** | : | **SBI NIN BB 455** |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

„വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

### "...എനിക്കു ശുശ്രൂഷ ചെയ്യുന്നവനെ പിതാവു മാനിക്കും" – യോഹന്നാൻ 12:26

വ്യത്യസ്ഥ അവസരങ്ങളിൽ ദൈവം എന്നിലൂടെ വൻ കാര്യങ്ങൾ ചെയ്തു. മുഖ്യ ആസ്ഥാനത്തും പുറത്തുമെല്ലാം എന്റെ ശുശ്രൂഷയിൽ അത്ഭുതങ്ങളും അതിശയങ്ങളും പ്രവർത്തിച്ചു എന്നെ ആദരിച്ചു. ഇതിലൂടെ ഈ ശുശ്രൂഷയുടെ സുഗന്ധം ലോകത്തിന്റെ പല ഭാഗങ്ങളിലേക്കും വ്യാപിച്ചു. ദൈവത്തിന്റെ നാമം മഹത്വപ്പെടട്ടെ.

ഒരിക്കൽ ഞാൻ ഓസ്ട്രേലിയയിലെ മെൽബൺ, സിഡ്നി, ബ്രിസ്ബേൻ എന്നിവിടങ്ങളിൽ ശുശ്രൂഷ ചെയ്യുമ്പോൾ ദൈവത്തിന്റെ മഹത്തായ സ്പർശം അനുഭവപ്പെട്ടു.

ഞാൻ താമസിച്ചിരുന്ന സ്ഥലത്ത് ഒരു ദിവസം ഓസ്ട്രേലിയക്കാരായ ദമ്പതികൾ എന്നെ കാണാനായി കടന്നുവന്നു. വിവാഹം കഴിഞ്ഞിട്ട് 13 വർഷമായിട്ടും അവർക്ക് കുട്ടികളില്ല എന്ന് കരഞ്ഞുകൊണ്ട് എന്നോടു പറഞ്ഞു. അതിനാൽ സമാധാനപരമായ രീതിയിൽ വിവാഹമോചനം നേടാൻ തയ്യാറെടുക്കുകയുമാണ് എന്ന് അവർ പറഞ്ഞു. അതിനായി പ്രാർത്ഥിക്കാനും അവർ ആവശ്യപ്പെട്ടു (അവരുടെ രാജ്യത്ത് വിവാഹമോചനം വളരെ സാധാരണമാണ്).

എനിക്ക് വളരെ സങ്കടം തോന്നി. ദൈവം അവർക്ക് ഒരു കുഞ്ഞിനെ നൽകാനായി ഞാൻ പ്രാർത്ഥിക്കട്ടെയോ എന്നു ഞാൻ ചോദിച്ചു. അവർ എന്നെ നോക്കി ചിരിച്ചുകൊണ്ട് പറഞ്ഞത്, അവർ ഇതിനകം വളരെയധികം പ്രഗത്ഭരായ ഡോക്ടർമാരെ കണ്ടു എന്നും അവർക്ക് ഒന്നും ചെയ്യാൻ സാധിച്ചില്ല എന്നും പറഞ്ഞു. പ്രാർത്ഥനയിലൂടെ ഒരു കുഞ്ഞിനെ കൊണ്ടുവരുവാൻ എങ്ങനെ കഴിയുമെന്ന് അവർ എന്നോടു ചോദിച്ചു. ഞാൻ അവരോടൊപ്പം ഇരുന്ന് വിശ്വാസത്തെക്കുറിച്ചും, അതിന്റെ ഫലത്തെക്കുറിച്ചും, ദൈവത്തിന്റെ ശക്തിയെക്കുറിച്ചും അവർക്ക് ഉപദേശം നൽകി. പിന്നീട് ഞാൻ അവർക്കു വേണ്ടി ആത്മാവിൽ ശക്തമായി, ആത്മാർത്ഥതയോടെ പ്രാർത്ഥിച്ചു.

ഏകദേശം രണ്ടു മാസങ്ങൾക്കുശേഷം ഞാൻ ഓസ്ട്രേലിയയിൽ നിന്നും ഇന്ത്യയിലേക്കു മടങ്ങാൻ എയർപോർട്ടിൽ എത്തിയപ്പോൾ വലിയ പാക്കറ്റുകളിൽ സമ്മാനങ്ങളുമായി ആ ദമ്പതികൾ വരുന്നതു ഞാൻ കണ്ടു. എയർപോർട്ടിൽ അവർ ഏകദേശം പത്തു മിനിറ്റോളം എന്റെ മുന്നിലിരുന്നു കരഞ്ഞതുകണ്ട് ഞാൻ ഞെട്ടിപ്പോയി. ആൾക്കൂട്ടം മുഴുവനും അതു കണ്ടു.

ഒടുവിൽ തന്റെ ഭാര്യ ഗർഭം ധരിച്ചതായും ഡോക്ടർമാർ അത് സ്ഥിരീകരിച്ചതായും അയാൾ പറഞ്ഞു. ദൈവത്തിനു സ്തോത്രം! അവർ വളരെയധികം സന്തോഷത്തിലായിരുന്നു. സമ്മാന പാക്കറ്റിൽ കുറെയധികം ഡ്രസ്സുകളും എന്റെ ശുശ്രൂഷയ്ക്ക് ഉപയോഗിക്കുവാനുള്ള സാധനങ്ങളും ഉണ്ടായിരുന്നു. ദൈവം അവർക്ക് ഒരു മകളെ നൽകി, പിന്നീട് രണ്ട് ആൺമക്കളെ കൂടി നൽകി അവരെ അനുഗ്രഹിച്ചു.

പ്രീയ സുഹൃത്തേ, നിങ്ങളുടെ ജീവിതത്തിലും ഇതുപോലുള്ള അനുഗ്രഹങ്ങൾ നൽകാൻ ദൈവത്തിനു കഴിയും. ദൈവത്തിൽ പരിപൂർണ്ണമായി വിശ്വസിക്കുക. പൂർണ്ണ വിശ്വാസത്തോടെ അവനോടു ചോദിക്കുക. നിങ്ങളുടെ എല്ലാ ആവശ്യങ്ങളും അവൻ നിറവേറ്റും.

ഞാൻ പ്രസംഗിക്കുന്ന കർത്താവായ യേശുക്രിസ്തുവിന് കുഞ്ഞുങ്ങളില്ലാത്തവർക്ക് കുഞ്ഞുങ്ങളെ നൽകാനും രോഗികളെ സൗഖ്യമാക്കുവാനും മറ്റു അനുഗ്രഹങ്ങൾ നൽകുവാനും കഴിയും. അവൻ ഇന്നലെയും ഇന്നും എന്നെന്നേക്കും ഒരുപോലെ തന്നെ ആയിരിക്കുന്നു. ദൈവനാമം മഹത്വപ്പെടട്ടെ.

---

...06–ാം പേജിന്റെ തുടർച്ച

വിതയ്ക്കുന്നത് ദൈവത്തിന്റെ പൂർണ്ണ സമയത്ത് ഫലം നൽകും.

**ഡി. നിലനിൽക്കുന്ന പൈതൃകം!**

മോശെ, യോശുവ, ദാനീയേൽ, പൗലൊസ്, പത്രൊസ്, എസ്ഥേർ, യായേൽ, മറിയമാർ എന്നിവരും മറ്റു പലരും ചെയ്തതുപോലെ നിലനിൽക്കുന്ന ഒരു പൈതൃകം അവശേഷിപ്പിക്കുവാൻ ദൈവം നമ്മെ വിളിച്ചിരിക്കുന്നു.

2 തിമൊഥെയോസ് 2:2 ൽ തലമുറകളിലൂയെുള്ള ആത്മീയ വർദ്ധനവിനെക്കുറിച്ച് പൗലൊസ് സംസാരിക്കുന്നു. തലമുറകളായിട്ടുള്ള ദൈവത്തെയാണ് നാം സേവിക്കുന്നത്. നിലനിൽക്കുന്ന ഫലം കായ്ക്കാൻ അവൻ നമ്മെ വിളിച്ചിരിക്കുന്നു.

നമ്മുടെ കുട്ടികളും ഭാവി തലമുറയും നമ്മെ ആദരവോടെ വീക്ഷിക്കണം. മാതാപിതാക്കൾ എന്ന നിലയിൽ, അവർക്കു പിന്തുടരാൻ ഒരു ദൈവീക പാരമ്പര്യം അവശേഷിപ്പിക്കുവാൻ നമുക്ക് ഉത്തരവാദിത്തമുണ്ട്. എന്നെ കർത്താവിന്റെ വഴികളിൽ വിശ്വസ്തതയോടെ നയിച്ച മുത്തശ്ശിമാരോടും മാതാപിതാക്കളോടും ഞാൻ നന്ദിയുള്ളവളാണ്. അവരെ നിരീക്ഷിക്കുകയും അവരുടെ വാക്കുകൾ ശ്രദ്ധിക്കുകയും ചെയ്തതിലൂടെ ഞാൻ ധാരാളം കാര്യങ്ങൾ പഠിച്ചു. അവരുടെ പൈതൃകത്തിനായി ദൈവത്തെ സ്തുതിക്കാം.

നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിന്നും നിങ്ങളുടെ ഫലം നിലനിൽക്കേണ്ടതിന്നും യേശുക്രിസ്തു നമ്മെ തിരഞ്ഞെടുത്തിരിക്കുന്നു എന്ന് യോഹന്നാൻ 15:16ൽ വിവരിച്ചിരിക്കുന്നു.

### 4. തടസ്സങ്ങളും വെല്ലുവിളികളും

നാമെല്ലാവരും കർത്താവിൽ വളരാനും നമ്മുടെ വിശ്വാസത്തിൽ ഉറച്ചുനിൽക്കാനും ആഗ്രഹിക്കുന്നു. എന്നാലും നമ്മുടെ ആത്മീയവളർച്ചയെ തടസ്സപ്പെടുത്തുന്ന യഥാർത്ഥ വെല്ലുവിളികളുണ്ട്.

### എ. തിരക്ക്!

ഏറ്റവും വലിയ തടസ്സങ്ങളിൽ ഒന്ന് തിരക്കാണ്. സമയം ലാഭിക്കുന്ന ഉപകരണങ്ങളുടെയും സാങ്കേതികവിദ്യയുടെയും സമൃദ്ധി ഉണ്ടായിരുന്നിട്ടും നമ്മുടെ ജീവിതം കൂടുതൽ തിരക്കുള്ളതായിരിക്കുന്നു. ജോലിയുടെ ഉത്തരവാദിത്തങ്ങൾ, കുടുംബത്തിന്റെ പ്രതിബദ്ധതകൾ, സഭയുടെ പ്രവർത്തനങ്ങൾ എന്നിവയാൽ പലപ്പോഴും ആത്മീയ പ്രതിഫലനത്തിനും വളർച്ചയ്ക്കും ഇടം കിട്ടുന്നില്ല.

“ഞാൻ തിരക്കിലാണ്, തിരക്കിലാണ്, തിരക്കിലാണ്” എന്ന് ആളുകൾ പറയുന്നത് നാം കേൾക്കാറുണ്ട്. ഇത് ആധുനിക ലോകത്തിലെ തിരക്കേറിയ ലോകമാണ് എന്നു ഞാൻ കരുതുന്നു. “സാത്താന്റെ നുകത്തിൻ കീഴിൽ ഞാൻ തിരക്കിലാണ്” എന്ന ചുരുക്കെഴുത്ത് വായിച്ചതിനുശേഷം തിരക്കിലാണ് എന്നു പറയുന്നതു ഞാൻ നിർത്തി. ദൈവവുമായി സമയം ചിലവഴിക്കാനോ സഹവിശ്വാസികളുമായി കൂട്ടായ്മ ആചരിക്കാനോ നമുക്ക് സമയമില്ലെങ്കിൽ ഇത് നമ്മുടെ ജീവിതം പുനഃപരിശോധിക്കേണ്ട സമയമായി. സമയത്തിന് പല ആവശ്യങ്ങൾ ഉണ്ടായിരുന്നിട്ടും യേശുക്രിസ്തു പലപ്പോഴും ശാന്തമായ സ്ഥലങ്ങളിലേക്ക് പിൻവാങ്ങി (മർക്കൊസ് 1:35). നിങ്ങളുടെ കലണ്ടർ സൂക്ഷ്മമായി പരിശോധിച്ച് അവനിൽ വസിക്കാനുള്ള ഇടമുണ്ടാക്കാൻ എന്തൊക്കെ നീക്കം ചെയ്യണമെന്ന് നോക്കുവിൻ.

### ബി. ഡിജിറ്റൽ ശ്രദ്ധ തിരിക്കൽ!

ഒരു വ്യക്തി ഒരുദിവസം ശരാശരി 3–4 മണിക്കൂർ അവരുടെ ഫോണിൽ മാത്രം ചെലവഴിക്കുന്നു എന്ന് സ്ഥിതിവിവരകണക്കുകൾ വെളിപ്പെടുത്തുന്നു. യുവജനങ്ങൾ മിക്കപ്പോഴും ഫോണിൽ തന്നെ ആയിരിക്കും. ഒരു ബൈബിൾ ആപ്പ് ഉപയോഗിച്ച് ബൈബിൾ വായിക്കാൻ ശ്രമിക്കുമ്പോൾ പോലും പരസ്യങ്ങൾ നമ്മുടെ ശ്രദ്ധയെ തടസ്സപ്പെടുത്തുന്നു. ദൈവവുമായുള്ള നമ്മുടെ സമയം സംരക്ഷിക്കുവാൻ നാം മനഃപൂർവ്വവും പ്രായോഗികവുമായ അതിരുകൾ നിശ്ചയിക്കണം.

### സി. പാപത്തിന്റെ മാതൃകകൾ!

ഏറ്റുപറയാത്ത പാപം ദൈവവുമായുള്ള നമ്മുടെ ബന്ധത്തിന് തടസ്സം സൃഷ്ടിക്കുന്നു. യെശയ്യാവ് 59:2 ൽ പറയുന്നതുപോലെ **നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്...** സങ്കീർത്തനങ്ങൾ 19:13ൽ **സ്വമേധാപാപങ്ങളെ അകറ്റി അടിയനെ കാക്കേണമേ; അവ എന്റെമേൽ വാഴരുതേ...** എന്ന് ദാവീദും പ്രാർത്ഥിക്കുന്നു. മനഃപൂർവ്വ പാപത്തെക്കുറിച്ച് നാം ജാഗരൂകരായിരിക്കണം. അത് തിരിച്ചറിയാനുള്ള ശക്തിയും അതിനെ മറികടക്കാനുള്ള കൃപയ്ക്കുംവേണ്ടി കർത്താവിനോട് അപേക്ഷിക്കുവിൻ.

### സി. ആത്മീയ ആലസ്യം!

ദൈവവുമായി വളരെ കുറച്ചു സമയം മാത്രം ചെലവിടുമ്പോൾ ആത്മീയ വിഭവങ്ങൾ കുറഞ്ഞു വരുന്നു. ഇത് നിരാശയിലേക്കും നീരസത്തിലേക്കും തളർച്ചയിലേക്കും നയിക്കുന്നു. ഒരിക്കൽ തീക്ഷ്ണതയോടെ ഓടിയ ആളുകൾ വളരെ വേഗം ക്ഷീണിതരാകുകയും തളരുകയും ചെയ്യുന്നത് ഞാൻ പലപ്പോഴും ശ്രദ്ധിക്കാറുണ്ട്.

നമ്മൾ ആരോഗ്യകരമായ ഒരു സന്തുലിതാവസ്ഥ നിലനിർത്തേണ്ടത് നിർണ്ണായകമാണ്. കർത്താവിന്റെ സന്തോഷം നമ്മുടെ ശക്തിയായി തുടരണം. അവന്റെ സാന്നിദ്ധ്യത്തിൽ നാം പതിവായി ഉന്മേഷം വീണ്ടെടുക്കുകയും പുതിയ ശക്തിയും ദർശനവും നേടേണ്ടതായും ഉണ്ട്.

നിങ്ങളിൽ ആർക്കെങ്കിലും ഇന്ന് ക്ഷീണം തോന്നുന്നുവെങ്കിൽ യേശുക്രിസ്തു ക്ഷണിക്കുന്നത് ഓർക്കുക:

**അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും** (മത്തായി 11:28).

പ്രീയ സഹോദരീ സഹോദരന്മാരേ, ദൈവം നമ്മെ എങ്ങനെ ഫലം കായ്ക്കാൻ വിളിച്ചിരിക്കുന്നു എന്ന് നാം ധ്യാനിച്ചുകൊണ്ടിരിക്കുകയാണ്. അവനിൽ വസിക്കുന്നതിലൂടെ മാത്രമേ ഇത് സാധ്യമാകൂ എന്നു നമുക്കറിയാം. അവനിൽ വസിച്ച് നിലനിൽക്കുന്ന ഫലം കായ്ക്കുന്നത് എങ്ങനെയാണെന്ന് നാം ചിന്തിച്ചിട്ടുണ്ട്.

എന്നാലും, തടസ്സങ്ങളെക്കുറിച്ച് ഞങ്ങൾ ബോധവാന്മാരാണ്. ആത്മാവ് സന്നദ്ധമായിരിക്കാം, പക്ഷേ ജഡം ബലഹീനമാണ്.

നമ്മുടെ ഹൃദയങ്ങളെ പരിശോധിക്കുമ്പോൾ, ഏതൊക്കെ മേഖലകളിലാണ് നാം വളരേണ്ടത് എന്ന് ദൈവം വെളിപ്പെടുത്തിത്തരും. അങ്ങനെ അവന്റെ രാജ്യത്തിനു വേണ്ടി നമുക്ക് കൂടുതൽ ഫലഭൂയിഷ്ഠരാകുവാൻ സാധിക്കും. അങ്ങനെ ആയിരിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

ദൈവം നമുക്ക് വിലയേറിയ സമ്മാനമായ സ്വാതന്ത്ര്യം തന്നിട്ടുണ്ട്. അത് ഉപയോഗിച്ച് നം എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്നതാണ് ചോദ്യം.

നമുക്ക് അത് ദൈവത്തിന്റെയും അവന്റെ രാജ്യത്തിന്റെയും മഹത്വത്തിനായി ഉപയോഗിക്കുവാൻ തീരുമാനിക്കാം.

************

ECHO OF HIS CALL
Ministries 57th Year
Inaugural Convention!
Dates:
Friday, August 8th to
Sunday, August 10, 2025
ECHO OF HIS CALL
Main Church at Chepauk,
Chennai - 600 005.
Please Pray and Participate!
Sis. Angeline Selvakumari
Assistant Pastor

WANTED
1. COMPUTER OPERATORS (with typing knowledge)
2. ASSISTANT PRINTING PRESS OPERATORS
Contact: ECHO OF HIS CALL (+91) 98412 71858, E.mail : sam@echoofhiscall.org

NOTICE
Save our mobile numbers (+91) 98410 71858, (+91) 98412 71858 (main numbers) in your mobile phones.
- Editor

"Egmore RMS Patrika Channel" RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

## Echo of His Call

**YouTube**
Please subscribe

Kindly view and subscribe our **Echo of His Call YouTube Channel** when you get time. Thanks.

- Editor

## OUR BANK DETAILS:

*1. Bank : State Bank of India*

Branch : Triplicane, Chennai-5
Name : S. Sam Selva Raj
A/C No. : 1023 2934 679
IFSC : SBIN 00 00 249
SWIFT CODE : SBI NIN BB 455

*2. Bank : ICICI Bank*

Branch : Anna Salai, Chennai-6
Name : Echo of His Call
A/C No. : 6038 0502 2319
IFSC : ICIC 000 6038

*3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

Branch : Triplicane, Chennai-5
Name : Echo of His Call Educational Trust
A/C No. : 1023 2923 805
IFSC : SBIN 00 00 249

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

**വാർഷിക വരിസംഖ്യ : 100/- രൂപ** **ആയുഷ്കാല വരിസംഖ്യ : 2000/- രൂപ**

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.


## ECHO OF HIS CALL

10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.org


**YOU CAN SEND YOUR DONATION ONLINE ALSO**


**Regd. with the RNI under No. 55468/94**
**Licenced to post without pre-payment**
**Postal Regn. No. TN/CH (C) /199/24-26**
**Licence No. WPP. No. TN/PMG(CCR)/WPP-221/24-26**
**Date of Publication: First week of every month**
**Date of Posting : 3rd & 4th of every month Posted at "Egmore RMS Patrika Channel"**
**on 4th AUGUST 2025.**
**If un-delivered please return to:**



**ECHO OF HIS CALL (MALAYALAM)**
**P.O. Box No. 2957, Chepauk, Chennai - 600 005, INDIA.**
**Phone: (+ 91- 44) 2852 8282, 2852 9293, 2854 7766**


*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers,** New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**